**മധുരമായ കുട്ടികളേ –ബാബ വന്നിരിക്കുകയാണ് നിങ്ങളെ പുഷ്പങ്ങളാക്കി മാറ്റാൻ, പൂക്കളായ നിങ്ങൾ കുട്ടികൾ ഒരിക്കലും ആർക്കും ദു:ഖം കൊടുക്കരുത്, സദാ സുഖം കൊടുത്തുകൊണ്ടിരിക്കൂ.**

**ചോദ്യം –** ഏതൊരു കാര്യത്തിൽ നിങ്ങൾ കുട്ടികൾക്ക് വളരെ വളരെ കരുതലുണ്ടായിരിക്കണം?
**ഉത്തരം –** മനസാ–വാചാ–കർമ്മണാ തന്റെ നാവിന്റെ മേൽ വളരെ ശ്രദ്ധയുണ്ടായിരിക്കണം. ബുദ്ധികൊണ്ട് വികാരി ലോകത്തിന്റെ എല്ലാ നാട്ടുനടപ്പും കുലമര്യാദകളും മറക്കണം. സ്വയം നിർണ്ണയിക്കണം ഞാൻ എത്രത്തോളം ദൈവീകഗുണങ്ങളെ ധാരണ ചെയ്തു? ലക്ഷ്മീനാരായണനെപ്പോലെ പവിത്രദൃഷ്ടി യുള്ളവരായി മാറിയോ? എത്രത്തോളം പൂക്കളായി മാറി?

**ഓം ശാന്തി –** ശിവബാബയ്ക്കറിയാം ഇവർ എന്റെ കുട്ടികൾ ആത്മാക്കളാണ്. നിങ്ങൾ കുട്ടികൾ ആത്മാവാണെന്ന് മനസ്സിലാക്കി ശരീരത്തെ മറന്ന് ശിവബാബയെ ഓർമ്മിക്കണം. ശിവബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ്. ശിവബാബ നിരാകാരനാണ്, നിങ്ങളും നിരാകാരികളാണ്. ഇവിടെ വന്ന് പാർട്ട് അഭിനയിക്കുന്നു. ബാബയും വന്ന് പാർട്ട് അഭിനയിക്കുകയാണ്. നിങ്ങൾക്കറിയാം ഡ്രാമയുടെ പ്ലാനനുസരിച്ച് ബാബ നമ്മളെ വന്ന് പൂക്കളാക്കി മാറ്റുകയാണ്. എല്ലാ അവഗുണങ്ങളേയും ഉപേക്ഷിച്ച് ഗുണവാനായി മാറണം. ഗുണവാൻ ഒരിക്കലും ആർക്കും ദുഃഖം കൊടുക്കില്ല. കേട്ടിട്ടും കേൾക്കാതിരിക്കില്ല. ആരെങ്കിലും ദുഃഖികളുണ്ടെങ്കിൽ അവരുടെ ദുഃഖത്തെ ദൂരീകരിക്കും. ബാബയും വന്നിരിക്കുകയാണ് മുഴുവൻ ലോകത്തിന്റെ ദുഃഖത്തെ ദൂരെയാക്കാൻ. ബാബ ശ്രീമത്ത് നൽകുകയാണ്, എത്ര സാധിക്കുമോ പുരുഷാർത്ഥം ചെയ്ത് എല്ലാവരുടേയും ദുഃഖത്തെ ദൂരീകരിക്കൂ. പുരുഷാർത്ഥത്തിലൂടെയാണ് നല്ല പദവി ലഭിക്കുന്നത്. പുരുഷാർത്ഥം ചെയ്യാതിരിക്കുന്നതിലൂടെ പദവിയും കുറയും. പിന്നീടത് കൽപകൽപങ്ങളിലെ നഷ്ടമായി മാറും. ബാബ കുട്ടികൾക്ക് ഓരോ കാര്യവും മനസ്സിലാക്കിത്തരികയാണ്. കുട്ടികൾ തനിക്കു തന്നെ നഷ്ടമുണ്ടാക്കാൻ ബാബ ആഗ്രഹിക്കുന്നില്ല. ലോകത്തിലുള്ളവർ ലാഭനഷ്ടത്തെക്കുറിച്ചറിയുന്നില്ല. അതുകൊണ്ട് കുട്ടികൾക്ക് തന്റെ മേൽ ദയ കാണിക്കണം. ശ്രീമത്തിലൂടെ നടക്കണം. ബുദ്ധി അവിടേയും ഇവിടേയും അലയുകയാണെങ്കിൽ പരിശ്രമിക്കൂ എന്തുകൊണ്ട് പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഓർമ്മയിലൂടെയാണ് ഉയർന്ന പദവി ലഭിക്കുന്നത്. കുറഞ്ഞത് സ്വർഗ്ഗത്തിലേക്ക് പോകും. പക്ഷേ സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടണം. കുട്ടികളോട് അച്ഛനും അമ്മയും പറയാറില്ലേ –എന്റെ കുട്ടി സ്കൂളിൽ പഠിച്ച് ഉയർന്ന പദവി നേടണം. ഇവിടെ നിങ്ങൾക്കാർക്കും അറിയാൻ കഴിയുന്നില്ല. നിങ്ങളുടെ സംബന്ധികൾ പോലും അറിയുന്നില്ല നിങ്ങൾ എന്തു പഠിപ്പാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ആ പഠിപ്പിനെ മിത്രസംബന്ധികൾക്കെല്ലാം അറിയാം, ഇവിടെ ചിലർ അറിയുന്നു ചിലർ അറിയുന്നില്ല. ചിലരുടെ അച്ഛൻ അറിയുന്നുണ്ടാകും സഹോദരനോ സഹോദരിയോ അറിയുന്നുണ്ടാകില്ല. ചിലരുടെ അമ്മ അറിയുന്നുണ്ടാകും അച്ഛൻ അറിയുന്നില്ല. കാരണം വിചിത്രമായ പഠിപ്പും പഠിപ്പിക്കുന്ന ആൾ വിചിത്രമായതുമാണ്. യഥാക്രമമാണ് മനസ്സിലാക്കുന്നത്, ബാബ മനസ്സിലാക്കിത്തരികയാണ് ഭക്തി നിങ്ങൾ വളരെയധികം ചെയ്തിട്ടുണ്ട്. അതും യഥാക്രമമാണ്, ആരാണോ വളരെക്കൂടുതൽ ഭക്തി ചെയ്യുന്നത് അവരാണ് ഈ ജ്ഞാനവും എടുക്കുക. ഇപ്പോൾ ഭക്തിയുടെ രീതികളും സമ്പ്രദായങ്ങളും പൂർത്തിയായി. മുമ്പ് മീരയെക്കുറിച്ച് പറയുമായിരുന്നു മീര തന്റെ കുലമര്യാദകൾ ഉപേക്ഷിച്ചു. ഇവിടെ നിങ്ങൾക്ക് മുഴുവൻ വികാരി കുലത്തിന്റേയും മര്യാദകൾ ഉപേക്ഷിക്കണം. ബുദ്ധികൊണ്ട് എല്ലാം ഉപേക്ഷിക്കണം. ഈ വികാരി ലോകത്തിൽ ഒന്നും നല്ലതായി തോന്നുന്നില്ല. വികർമ്മം ചെയ്യുന്നവർ ഒട്ടും നന്നാകില്ല. അവർ തന്റെ ഭാഗ്യത്തെ മോശപ്പെടുത്തുകയാണ്. കുട്ടികൾ ബുദ്ധിമുട്ടിക്കുകയും പഠിക്കാതിരിക്കുകയും ചെയ്യുമ്പോൾ അതിഷ്ടപ്പെടുന്ന അച്ഛന്മാർ ഉണ്ടാവുകയേയില്ല. നിങ്ങൾ കുട്ടികൾക്കറിയാം സത്യയുഗത്തിൽ ഇങ്ങനെയുള്ള കുട്ടികളൊന്നും ഉണ്ടാകില്ല. പേരുതന്നെ ദേവീദേവതയെന്നാണ്. എത്ര പവിത്രമായ പേരാണ് – നമ്മളിൽ ദൈവീകഗുണങ്ങളുണ്ടോ? സഹനശീലരായി മാറണം. ബുദ്ധിയോഗത്തിന്റെ കാര്യമാണ്. ഈ യുദ്ധം വളരെ മധുരമായതാണ്. ബാബയെ ഓർമ്മിക്കുന്നതിൽ യുദ്ധത്തിന്റെ കാര്യമില്ല. പക്ഷേ മായ ഇതിൽ വിഘ്നങ്ങളുണ്ടാക്കുന്നു. മായയിൽനിന്നും സുരക്ഷിതരായിരിക്കണം. മായയുടെ മേൽ നിങ്ങൾക്ക് വിജയം നേടണം. നിങ്ങൾക്കറിയാം കൽപകൽപം നിങ്ങൾ എന്തെല്ലാം ചെയ്തുവന്നിട്ടുണ്ടോ, വളരെ കൃത്യമായി അതേ പുരുഷാർത്ഥം തന്നെ നടക്കും, എന്താണോ കൽപകൽപം ചെയ്തുവന്നത്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ കോടിമടങ്ങ് ഭാഗ്യശാലികളായി മാറുന്നവരാണ്. സത്യയുഗത്തിൽ പരിധിയില്ലാത്ത സുഖത്തിലിരിക്കും.

കൽപ-കൽപം ബാബ ഇതുപോലെയാണ് മനസ്സിലാക്കിത്തരുന്നത്. ഇത് പുതിയ കാര്യമല്ല, ഇത് വളരെ പഴയ കാര്യമാണ്. ബാബ ആഗ്രഹിക്കുന്നുണ്ട് കുട്ടികൾ പൂക്കളായി മാറണം. ലൗകികത്തിലെ അച്ഛനും അതായിരിക്കുമല്ലോ ആഗ്രഹം - എന്റെ കുട്ടി പൂവായി മാറണം. പാരലൗകിക പിതാവ് വന്നിരിക്കുകയാണ് മുള്ളുകളെ പൂക്കളാക്കി മാറ്റാൻ. അതുപോലെയായി മാറണം. മനസ്സാ-വാചാ-കർമ്മണാ നാവിന്റെ മീതെ വളരെ ശ്രദ്ധ വെക്കണം. ഓരോ കർമ്മേന്ദ്രിയങ്ങളുടെമേലും ശ്രദ്ധ വേണം. മായ വളരെ ചതിക്കുന്നതാണ്. മായയിൽനിന്നും സുരക്ഷിതരായിരിക്കണം. ഇതുയർന്ന ലക്ഷ്യമാണ്. പകുതി കൽപത്തോളം വികാരീ ദൃഷ്ടിയുള്ളവരായി മാറിയതാണ്. ഈ ഒരു ജന്മത്തിൽ ദൃഷ്ടിയെ പവിത്രമാക്കണം. ലക്ഷ്മീനാരായണനെ പോലെ. ഇവർ സർവ്വഗുണസമ്പന്നരല്ലേ. സത്യയുഗത്തിൽ വികാരീ ദൃഷ്ടിയില്ല. രാവണനുമില്ല. ഇത് പുതിയ കാര്യമല്ല. നിങ്ങൾ അനേകപ്രാവശ്യം ഈ പദവി നേടിയതാണ്. നിങ്ങൾ എന്താണ് പഠിച്ചുകൊണ്ടിരിക്കുന്നത് എന്ന് ലോകത്തിലുള്ളവർ അറിയുന്നില്ല. ബാബ നിങ്ങളുടെ എല്ലാ ആശകളും പൂർത്തീകരിക്കാൻ വന്നിരിക്കുകയാണ്. അശുഭമായ ആശകൾ രാവണന്റേതാണ്. നിങ്ങളുടേത് ശുഭമായ ആശകളാണ്. ക്രിമിനലായിട്ടുള്ള ഒരാശകളും വെക്കരുത്. കുട്ടികൾ സുഖത്തിന്റെ അലകളിൽ അലയടിച്ചുകൊണ്ടിരിക്കണം. നിങ്ങളുടെ അളവറ്റ സുഖത്തെ വർണ്ണിക്കാനേ കഴിയില്ല, ദു:ഖത്തെ വർണ്ണിക്കുന്നു, സുഖത്തിന്റെ വർണ്ണനയില്ല. നിങ്ങൾ എല്ലാ കുട്ടികളുടേയും ഒരാശയാണ് നമുക്ക് പാവനമായി മാറണം. എങ്ങനെ പാവനമായി മാറണം? നിങ്ങൾക്കറിയാം പാവനമാക്കി മാറ്റുന്നത് ഒരു ബാബയാണ്, ബാബയുടെ ഓർമ്മയിലൂടെ പാവനമായി മാറണം. ആദ്യ നമ്പറിൽ പുതിയ ലോകത്തിൽ പാവനമായ ഈ ദേവീദേവതകളാണ് ഉള്ളത്. പാവനമായി മാറുന്നതിൽ നോക്കൂ എത്ര ശക്തിയാണ്. നിങ്ങൾ പാവനമായി മാറി പാവനമായ ലോകത്തിന്റെ രാജ്യം നേടു. അതുകൊണ്ടാണ് പറയുന്നത് ഈ ദേവതാധർമ്മത്തിന്റെ ശക്തി ഉയർന്നതാണ്. ഈ ശക്തി എവിടെനിന്നാണ് ലഭിക്കുന്നത്? സർവ്വശക്തിവാനായ ബാബയിൽനിന്ന്. വീടുവീടുകളിൽ നിങ്ങൾ മുഖ്യമായ രണ്ടോ നാലോ ചിത്രങ്ങൾ വെച്ച് വളരെ സേവ ചെയ്യാൻ സാധിക്കും. ഇങ്ങനെയുള്ള സമയം വരും, നിരോധനാജ്ഞ മുതലായവ ഉണ്ടാകും, നിങ്ങൾക്ക് എവിടേയും പോകാനും വരാനും സാധിക്കില്ല.

നിങ്ങൾ ബ്രാഹ്മണർ സത്യമായ ഗീത കേൾപ്പിക്കുന്നവരാണ്. ജ്ഞാനം വളരെ സഹജമാണ്, ആരുടെ വീട്ടിലാണോ എല്ലാവരും ജ്ഞാനം കേൾക്കുന്നത്, വീട്ടിൽ ശാന്തിയുള്ളത്, അവർക്ക് വളരെ സഹജമാണ്. രണ്ടോ നാലോ മുഖ്യമായ ചിത്രങ്ങളെങ്കിലും വീട്ടിൽ വയ്ക്കൂ. ത്രിമൂർത്തി, സൃഷ്ടിചക്രം, വൃക്ഷം, പടികളുടെ ചിത്രം, ഇതുമതി. അതിനോടൊപ്പം ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല എന്ന ചിത്രവും നല്ലതാണ്. എത്ര സഹജമാണ്, ഇതിന് പൈസയുടെയൊന്നും ചിലവില്ല. ചിത്രങ്ങൾ തയ്യാറാക്കിയിട്ടുണ്ടല്ലോ. ചിത്രം കാണുന്നതിലൂടെ ജ്ഞാനത്തിന്റെ സ്മൃതി വരും. ചെറിയ മുറി ഉണ്ടകുമല്ലോ, അതിൽ വേണമെങ്കിൽ ഉറങ്ങുകയും ചെയ്തുകൊള്ളൂ. നിങ്ങൾ ശ്രീമത്തിലൂടെ നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ വളരെയധികം പേരുടെ മംഗളം ചെയ്യാൻ സാധിക്കും. നിങ്ങൾ ചെയ്യുന്നുമുണ്ടാകും, എങ്കിലും ബാബ വീണ്ടും ഓർമ്മിപ്പിക്കുകയാണ്-നിങ്ങൾക്ക് ഇങ്ങനെ ഇങ്ങനെയൊക്കെ ചെയ്യാൻ സാധിക്കും. ദേവതകളുടെ മൂർത്തി വെക്കാറുണ്ടല്ലോ. ഇതിൽ മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യമേയുള്ളൂ. ജന്മജന്മങ്ങളായി നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ക്ഷേത്രങ്ങളിൽ അലഞ്ഞിട്ടും ഇവർ ആരാണ് എന്നറിഞ്ഞില്ല. ക്ഷേത്രങ്ങളിൽ ദേവിമാരുടെ പൂജ ചെയ്യുന്നു, എന്നിട്ട് അവരെത്തന്നെ വെള്ളത്തിൽ മുക്കിക്കളയുന്നു. എത്ര അജ്ഞാനമാണ്. പൂജ്യരായവരുടെ പൂജ ചെയ്ത് ആ പൂജ ചെയ്തതിനെ എടുത്ത് സമുദ്രത്തിൽ മുക്കിക്കളയുന്നു. ഗണേശനെ, അംബയെ, സരസ്വതിയെ എല്ലാവരേയും മുക്കിക്കളയുന്നു. ബാബ കുട്ടികൾക്ക് പറഞ്ഞുതരികയാണ്. കൽപ-കൽപം ഈ കാര്യം മനസ്സിലാക്കിത്തരുന്നുണ്ട്. തിരിച്ചറിവുണ്ടാക്കിത്തരികയാണ് - നിങ്ങളെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്! കുട്ടികൾക്ക് വൈരാഗ്യം തോന്നണം ബാബ ഇത്രയും മനസ്സിലാക്കിത്തരികയാണ് - മധുരമധുരമായ കുട്ടികളെ, നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്! ഇതിനെയാണ് പറയുന്നത് വിഷയവൈതരണീനദി. സത്യയുഗത്തിൽ പാലിന്റെ കടൽ ഉണ്ടായിരിക്കുമെന്നല്ല. അവിടെ ഓരോ വസ്തുക്കളുടേയും സമൃദ്ധിയുണ്ടാകും. ഒരു വസ്തുക്കൾക്കും വില നൽകേണ്ട. സത്യയുഗത്തിൽ പൈസയുടെ കാര്യമേയില്ല. സ്വർണ്ണത്തിന്റെ മാത്രമേ നാണയങ്ങൾ ഉണ്ടാകൂ. കെട്ടിടങ്ങളിൽപോലും സ്വർണ്ണമുണ്ടാകും, സ്വർണ്ണം കൊണ്ട് ഇഷ്ടികയുണ്ടാക്കും. ഇതിൽനിന്നും തെളിയിക്കപ്പെടുന്ന കാര്യമാണ് അവിടെ സ്വർണ്ണത്തിനോ വെള്ളിക്കോ വിലയില്ല. ഇവിടെ നോക്കൂ എത്ര വിലയാണ്. നിങ്ങൾക്കറിയാം ഓരോരോ കാര്യങ്ങളിലും അത്ഭുതമാണ്. മനുഷ്യൻ മനുഷ്യൻ തന്നെയാണ്, ഈ ദേവതകളും മനുഷ്യരാണ്. പക്ഷേ ഇവരുടെ പേര് ദേവതയെന്നാണ്. ഇവരുടെ മുന്നിൽ മനുഷ്യർ തന്റെ മോശമായതെല്ലാം സമർപ്പിക്കുന്നു - ഞങ്ങൾ പാപികളും നീചരുമാണ്, ഞങ്ങളിൽ ഒരു ഗുണങ്ങളുമില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ലക്ഷ്യമുണ്ട്, ഞങ്ങൾ മനുഷ്യനിൽനിന്നും ദേവതയായി മാറും. ദേവതകളിൽ ദൈവീകഗുണമാണ്. ക്ഷേത്രങ്ങളിലേക്ക് പോകുന്നവർ ഇങ്ങനെ മനസ്സിലാക്കുന്നില്ല, ഇവരും

മനുഷ്യരാണെന്ന്. നമ്മളും മനുഷ്യരാണ് പക്ഷേ അവർ ദൈവീകഗുണങ്ങളുള്ളവരാണ്, നമ്മൾ ആസുരീയ അവഗുണങ്ങളുള്ളവരാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ വന്നു നമ്മൾ എത്ര അയോഗ്യരായിരുന്നു. ഇവരുടെ മുന്നിൽ പോയി പാടാറുണ്ടായിരുന്നു അങ്ങ് സർവ്വഗുണസമ്പന്നരാണ്... ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് ഇവർ വന്ന് പോയവരാണ്. ഇവരിൽ ദൈവീകഗുണമുണ്ടായിരുന്നു, പരിധിയില്ലാത്ത സുഖത്തിലായിരുന്നു. ഇപ്പോൾ അളവില്ലാത്ത ദുഃഖികളായി മാറി. ഈ സമയത്ത് എല്ലാവരിലും 5 വികാരങ്ങൾ പ്രവേശിച്ചിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ ചിന്തിക്കൂ, എങ്ങനെയാണ് നമ്മൾ മുകളിൽ നിന്ന് വീണ് തറയിൽ പതിച്ചത്. ഭാരതവാസികൾ എത്ര ധനികരായിരുന്നു. ഇപ്പോൾ നോക്കൂ എത്രയാണ് കടമെടുത്തുകൊണ്ടിരിക്കുന്നത്. ഇതെല്ലാ കാര്യങ്ങളും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. വേറെയാർക്കും പറയാൻ സാധിക്കില്ല. ഋഷിമുനിമാർ പോലും നേതി-നേതി, അതായത് ഞങ്ങൾക്കറിയില്ല എന്ന് പറയുമായിരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് അവർ സത്യമാണ് പറഞ്ഞത് . ബാബയേയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തേയും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. ഇപ്പോഴും ആരും അറിയുന്നില്ല, നിങ്ങൾ കുട്ടികൾക്കല്ലാതെ. വലിയ വലിയ സന്യാസിമാരും, മഹാത്മാക്കൾ പോലും അറിയുന്നില്ല. യഥാർത്ഥത്തിൽ മഹാൻ ആത്മാക്കൾ ഈ ലക്ഷ്മീനാരായണനല്ലേ. പവിത്രമാണ്. ബ്രഹ്മാവു പോലും അറിഞ്ഞിട്ടുണ്ടായിരുന്നില്ല പിന്നെ മറ്റുള്ളവർ എങ്ങനെ അറിയും, ബാബ എത്ര സഹജമായ കാര്യമാണ് മനസ്സിലാക്കിത്തരുന്നത്. പക്ഷേ ചില കുട്ടികൾ മറക്കുന്നു. ചിലർ നല്ലരീതിയിൽ ഗുണങ്ങളെ ധാരണ ചെയ്ത് മധുരമായി മാറുന്നു. എത്രത്തോളം കുട്ടികളിൽ മധുരമായ ഗുണം കാണുന്നുണ്ടോ ബാബയുടെ ഹൃദയത്തിൽ സന്തോഷമുണ്ടാകുന്നു. ചിലർ അപകീർത്തിയുണ്ടാക്കുന്ന വരാണ്. ഇവിടെയാണെങ്കിലോ ബാബയും, ടീച്ചറും, സദ്ഗുരുവുമുണ്ട്. മൂന്നു പേരെയും നിന്ദിക്കുന്നു. സത്യമായ അച്ഛനെ, സത്യമായ ടീച്ചറെ, സദ്ഗുരുവിനെ നിന്ദിക്കുന്നതിലൂടെ മൂന്നുമടങ്ങ് ശിക്ഷ ലഭിക്കും. പക്ഷേ പല കുട്ടികളിലും ഒട്ടും വിവേകമില്ല. ഒന്നും മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തരികയാണ് ഇങ്ങനെയുള്ളവരും തീർച്ചയായും ഉണ്ടാകും. മായയും നിസ്സാരമല്ല. പകുതി കൽപ്പത്തോളം പാപാത്മാവാക്കി മാറ്റുന്നുണ്ടല്ലോ. ബാബ വീണ്ടും പകുതി കൽപ്പത്തേക്കു പുണ്യാത്മാക്കളാക്കി മാറ്റുകയാണ്. അതും നമ്പർക്രമമാണ്. ആക്കിത്തീർക്കുന്നവർ രണ്ട് പേരാണ് - രാമനും രാവണനും. രാമനെ പരമാത്മാവെന്ന് പറയുന്നു. രാമരാമ ജപിച്ച് അവസാനം ശിവനെ നമസ്കരിക്കുന്നു. ശിവൻ തന്നെയാണ് പരമാത്മാവ്. പരമാത്മാവിന്റെ നാമത്തെ എണ്ണി ജപിക്കാറുണ്ട്. നിങ്ങൾക്ക് എണ്ണേണ്ട ആവശ്യമൊന്നുമില്ല. ഈ ലക്ഷ്മീനാരായണൻ പവിത്രമായിരുന്നു, ഇവരുടെ ലോകമുണ്ടായിരുന്നു, അത് കഴിഞ്ഞുപോയി. അതിനെ സ്വർഗ്ഗം അഥവാ പുതിയ ലോകമെന്ന് പറയുന്നു. എങ്ങിനെയാണോ കെട്ടിടം പഴയതാകുമ്പോൾ പൊളിഞ്ഞുവീഴാറാകുന്നത്. ഈ ലോകവും അങ്ങിനെയാണ്. ഇപ്പോൾ കലിയുഗത്തിന്റെ അവസാനമാണ്. മനസിലാക്കേണ്ട എത്ര സഹജമായ കാര്യങ്ങളാണ്. ധാരണ ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ ബാബ പോകില്ല. ഓൺ ഗോഡ്ലി സർവീസ് (ഈശ്വരീയ സേവനത്തിൽ) നിങ്ങൾ കുട്ടികളാണ്. ബാബ എന്ത് സേവ പഠിപ്പിക്കുന്നുവോ ആ സേവ ചെയ്യണം. നിങ്ങളുടേതും ഈശ്വരീയ സേവനമാണ്. നിങ്ങളുടെ (മാതാക്കളുടെ) പേരിനെ ഉയർന്നതാക്കുന്നതിനുവേണ്ടി ബാബ ജ്ഞാനത്തിന്റെ കലശം നിങ്ങൾ മാതാക്കൾക്കാണ് തന്നിരിക്കുന്നത്. പുരുഷന്മാർക്ക് ലഭിക്കില്ല എന്നല്ല. എല്ലാവർക്കും ലഭിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ എത്ര സുഖികളും സ്വർഗ്ഗവാസികളും ആയിരുന്നു, അവിടെ യാതൊരു ദുഃഖവും ഉണ്ടായിരുന്നില്ല. ഇപ്പോൾ സംഗമയുഗമാണ്. പുതിയ ലോകത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കലിയുഗം പഴയ പതിതമായ ലോകമാണ്. മനുഷ്യർക്കിപ്പോൾ തികച്ചും പോത്തിന്റെ ബുദ്ധിപോലെയാണ്. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം മറക്കണം. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. ശരീരത്തിൽ ആത്മാവില്ലെങ്കിൽ ശരീരത്തിന് ഒന്നും ചെയ്യാൻ കഴിയില്ല. ഈ ശരീരത്തിന്റെ മേൽ എത്ര മോഹമാണ് വച്ചിരിക്കുന്നത്. ശരീരം കത്തിച്ചുകഴിഞ്ഞു, ആത്മാവ് പോയി അടുത്ത ശരീരം എടുത്തു, എന്നിട്ടും 12 മാസത്തോളം അയ്യോ എന്ന് നിലവിളിക്കും. ഇപ്പോൾ നിങ്ങൾ ആത്മാവ് ശരീരമുപേക്ഷിച്ചാൽ തീർച്ചയായും ഉയർന്ന വീട്ടിൽ നമ്പർക്രമം ജന്മമെടുക്കും. കുറച്ച് ജ്ഞാനമെടുക്കുന്നവർ സാധാരണ കുലത്തിൽ ജന്മമെടുക്കും, കൂടുതൽ ജ്ഞാനമെടുത്താൽ ഉയർന്ന കുലത്തിൽ ജന്മമെടുക്കും. അവിടെ വളരെ സുഖമായിരിക്കും. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം -**

1) ബാബ എന്താണോ കേൾപ്പിക്കുന്നത് അത് കേട്ടിട്ടും കേൾക്കാതിരിക്കരുത്. ഗുണവാനായി മാറി എല്ലാവർക്കും സുഖം കൊടുക്കണം. പുരുഷാർത്ഥം ചെയ്ത് എല്ലാവരുടെ ദു:ഖത്തേയും ദൂരീകരിക്കണം.

2) വികാരങ്ങൾക്ക് വശപ്പെട്ട് ഒരുതരത്തിലുമുള്ള വികർമ്മവും ചെയ്യരുത്. സഹനശീലരായി മാറണം. അശുദ്ധ-വികാരീ ആശകളൊന്നും വെക്കരുത്.

## വരദാനം:- ശാന്തിയുടെ ശക്തിയിലൂടെ അസംഭവ്യത്തെ സംഭവ്യമാക്കുന്ന സഹജയോഗിയായി ഭവിക്കട്ടെ.

ശാന്തിയുടെ ശക്തി സർവ്വശ്രേഷ്ഠ ശക്തിയാണ്. ശാന്തിയുടെ ശക്തിയിലൂടെത്തന്നെയാണ് മറ്റെല്ലാ ശക്തികളും വരുന്നത്. സയൻസിന്റെ ശക്തിക്കും പ്രഭാവമുണ്ട്, ആ സയൻസും സൈലൻസിലൂടെയാണ് ഉത്ഭവിക്കുന്നത്. അതിനാൽ ശാന്തിയുടെ ശക്തിയിലൂടെ എന്താഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കുന്നു. അസംഭവ്യത്തെയും സംഭവ്യമാക്കാൻ സാധിക്കുന്നു. ഏതിനെയാണോ ലോകത്തുള്ളവർ അസംഭവ്യമെന്ന് പറയുന്നത് അത് താങ്കളെ സംബന്ധിച്ച് സംഭവ്യമാണ്, മാത്രമല്ല സംഭവ്യമായത് കാരണം സഹജവുമാണ്. ശാന്തിയുടെ ശക്തിയെ ധാരണ ചെയ്ത് സഹജയോഗിയാകൂ.

## സ്ലോഗൻ:- വാചാ ദ്വാരാ സർവ്വർക്കും സുഖവും ശാന്തിയും കൊടുക്കൂ എങ്കിൽ മഹിമായോഗ്യരാകും.